"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ കുമാരി. മരിയ ബിജു വിന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.366/2026/LSGD തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-

1. കുമാരി. മരിയ ബിജു സമർപ്പിച്ച 26/12/2025 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22/01/2026 തീയതിയിലെ LSGD/PD/775/2026-DEA2 നമ്പർ കത്ത്.
3. കുമാരി. മരിയ ബിജു സമർപ്പിച്ച 10.02.2026 ലെ സാക്ഷ്യപത്രം.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ കുമാരി. മരിയ ബിജു, ടിയാൾക്ക് FORTUNE IAS അക്കാദമിയിൽ UPSC Prelims cum mains Batch-ലെ സിവിൽ സർവ്വീസ് പരിശീലനത്തിനായി 12.01.2026 മുതൽ 12.01.2028 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം (1) അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ തുടർച്ചയായ 3 വർഷത്തെ സേവനത്തിന്റെ അഭാവത്തിൽ കുമാരി. മരിയ ബിജു-ന്, പരാമർശം (3) പ്രകാരം ടിയാൾ അവധിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ, ഉത്തരവ് തിയതിക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തിയതി മുതൽ 12/01/2028 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശൂന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

**[3]** അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകയുടെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാളുടെ സേവനകാര്യത്തിൽ **KSR** ഭാഗം **I** അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

കുമാരി. മരിയ ബിജു, സെക്രട്ടറി, കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/18/2026/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 11-02-2026 10:14:30

സെക്ഷൻ ഓഫീസർ